**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 280**

# ഞാൻ എവിടെയാണ്?

**WHERE AM I?**

**ജൂലൈ 10, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ഞാൻ എവിടെയാണ്?

“ഞാൻ എന്താണ്?(What am I?) എന്ന ചോദ്യം, എന്റെ ഘടനയെക്കുറിച്ചും പ്രകൃതത്തെക്കുറിച്ചും എന്നോടു പറയും. “ഞാൻ എങ്ങനെയുണ്ട്?(How am I?) എന്ന ചോദ്യം, എന്റെ ലക്ഷ്യം, എന്റെ മാർഗം, എന്റെ വഴി എന്നോടു പറയും. “ഞാൻ എവിടെയാണ്?(Where am I?) എന്ന ചോദ്യം, എന്റെ നില, ഞാൻ എത്തിച്ചേർന്നിരിക്കുന്ന ഘട്ടം, അവസ്ഥ ഇവ എന്നോടു പറയും. ഞാൻ ഏതു നിലയിലാണ്, ഞാൻ ഏതു പടിയിലാണ്, ഞാൻ എവിടെയാണ് എന്ന ഈ ചോദ്യത്തിന്റെ മറുപടി, ഞാൻ കൃത്യമായും എവിടെയാണ് നിൽക്കുന്നത് എന്നതിനുള്ള സൂചകമാണ്.







ഭഗവാൻ അവിടുത്തെ ഏഴു ദിവസത്തെ ദസറാ പ്രഭാഷണങ്ങളിൽ മുന്നോട്ടുവച്ച ഏതാനും മനോഹരങ്ങളായ ആശയങ്ങൾ ഇതാ. ഈ പ്രഭാഷണങ്ങൾ വളരെ പ്രത്യേകതയുള്ളവയും വേറിട്ടവയുമാണ്, എന്തെന്നാൽ അവ ആത്മാവിന്, ആത്മജ്ഞാന(Knowledge of the Self)ത്തിന്, ഏകതാനമായ ഊന്നൽ നൽകുന്നു. ഈ ദസറാ ആഘോഷവേളയിൽ, **ആത്മാവിനും ആത്മജ്ഞാനത്തിനു**മാണ്(The Self and Knowledge of the Self) ഭഗവാൻ ഏറ്റവും അധികം പ്രാമുഖ്യം നൽകിയിരുന്നത്.

ഭവനത്തിൽ ശാസ്ത്രഗ്രന്ഥപാരായണം, ക്ഷേത്രത്തിലെ മൂർത്തിയെ ആരാധിക്കൽ, അതിരാവിലെ ഒരു നിശ്ചിത സമയത്തുള്ള ഈശ്വരധ്യാനം, സൗകര്യമുള്ളിട ത്തൊക്കെ സേവ ചെയ്യൽ ഇവയൊക്കെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിവിധ മാർഗങ്ങ ളാണ്. എന്നാൽ ഈ മാർഗങ്ങളൊന്നുപോലും അവസാനത്തേതല്ല. ആത്മനെ അറി



You need a diamond to cut another diamond. You need a thorn to remove another thorn that has pierced your foot. To experience the Self (*Atma*), you require only Self-knowledge, *Atma jnana*.

യുന്നതിനും ആത്മാവബോധം നേടുന്നതിനും അവ നമ്മെ സഹായിക്കണം. ഭഗ വാന്റെ ദിവ്യപ്രഭാഷണങ്ങളിൽ, **ആത്മാവബോധ**മെന്നത് സാരസർവ്വസ്വമാകുന്നു, മുഖ്യലക്ഷ്യമാകുന്നു, ആദ്ധ്യാത്മിക പഥത്തിലെ പ്രധാന ഉദ്ദേശ്യമാകുന്നു; നാം ഏതു മാർഗം അഥവാ മതം പിന്തുടരുന്നു എന്നത് വിഷയമല്ല. മതവും ആദ്ധ്യാ ത്മികപഥവും വ്യത്യസ്തമാണ്. നമ്മുടെ അഭിരുചി, പ്രകൃതം, നമ്മുടെ ശേഷി, പിന്നെ നമ്മുടെ മുൻഗണന ഒക്കെയനുസരിച്ചാണ് ഓരോന്നും നമുക്ക് പിന്തുടരാ




നായി നൽകപ്പെട്ടിരിക്കുന്നത്. എന്നാൽ ആത്മജ്ഞാനം, ആത്മാവബോധം എന്നത് അതിപ്രധാനമാകുന്നു. ബാക്കിയെല്ലാ ആദ്ധ്യാത്മികചര്യകളും ലക്ഷ്യത്തിലേ ക്കുള്ള മാർഗങ്ങൾ മാത്രമാണ്, അവസാന ലക്ഷ്യമല്ല സ്വയം അവയൊന്നും.

നിങ്ങൾക്ക് നിങ്ങളുടെ വയറു നിറയത്തക്കവിധം, നോർത്ത് ഇന്ത്യൻ കാന്റീ നിൽനിന്നോ, വെസ്റ്റേൺ കാന്റീനിൽനിന്നോ അഥവാ സൗത്ത് ഇന്ത്യൻ കാന്റീ

നിൽനിന്നോ കഴിക്കാവുന്നതാണ്. നിങ്ങൾ തെരഞ്ഞെടുക്കുന്ന ഇനങ്ങൾക്ക് നൽകേണ്ടിവരുന്ന തുക ഇവിടെ പ്രസക്തമല്ല. നിങ്ങളുടെ വിശപ്പ് ശമിക്കുകയെന്നതാണ് മുഖ്യകാര്യം.

നിങ്ങൾക്ക് വെറും തറയിലോ ഒരു യു-ഫോം ബെഡ്ഡിലോ ഒരു ഡൺലപ്പിലോ അതുമല്ലെങ്കിൽ ഒരു 'ഹംസതൂലികാ തൽപ്പ'ത്തിലോ(അരയന്നത്തിന്റെ രൂപത്തിലുള്ള കിടക്ക) ഉറങ്ങാം! നിങ്ങൾക്ക് എവിടെ വേണമെങ്കിലും കിടക്കാം. പക്ഷേ നിങ്ങൾക്ക് നല്ല ഉറക്കം കിട്ടുന്നില്ലെങ്കിൽ, ഈ കിടക്കകളെല്ലാം തന്നെ കത്തിച്ചുകളയുന്നതാണ് നല്ലത്! ഉറക്കമാണ് പ്രധാനം, അല്ലാതെ നിങ്ങൾ കിടക്കുന്ന കിടക്കയോ തറയോ അല്ല.



ഇതേപോലെ, നമ്മൾ എന്തു കഴിക്കുന്നു എന്നതല്ല പ്രധാനം, നമ്മുടെ വിശപ്പ് മാറുന്നുണ്ടോ എന്നതാണ്. അതാണ് അന്തിമ ലക്ഷ്യം.



നിങ്ങൾ വായിക്കുന്നത് വീട്ടിലിരുന്നാണോ പൂന്തോട്ടത്തിലാണോ അല്ലെങ്കിൽ ഒരു ഗുരുവിന്റെ പാദത്തിലിരുന്നുകൊണ്ടാണോ എന്നത് അപ്രസക്തമാണ്. നിങ്ങൾ വായിച്ചതും കേട്ടതും ഒക്കെ ശരിക്കും മനസ്സിലായോ, ഗ്രഹിച്ചോ, ഉൾക്കൊണ്ടോ എന്നതാണ് പ്രധാനം, നിങ്ങൾ എവിടെയിരുന്നാണ് വായിച്ചത് അഥവാ നിങ്ങൾ എന്താണ് വായിച്ചത് എന്നതല്ല.

## അറിവും ആത്മാവബോധവും

ഈ മാർഗങ്ങൾ ഒരു നിശ്ചിത ലക്ഷ്യത്തിലേക്ക് നയിക്കുന്നവയാണെന്ന് ഈ വിവരണങ്ങൾ തീർച്ചയായും വ്യക്തമാക്കും. ആദ്ധ്യാത്മികതയുടെ മുഖ്യോദ്ദേശ്യം എന്നത് ആത്മാവിനെപ്പറ്റിയുള്ള അവബോധം അഥവാ ജ്ഞാനം ആകുന്നു. ആത്മാവബോധമെന്നത് ആത്മാവ് എന്തെന്ന് അറിയുന്നതിന് നിങ്ങളെ സഹായിക്കുന്ന ഒരു ആശയമാണ്. **ആത്മജ്ഞാനം**(Knowledge of the Self), ആത്മാവിനെപ്പറ്റിയുള്ള അനുഭവം നിങ്ങൾക്ക് സമ്മാനിക്കും. ആത്മാവിനെക്കുറിച്ചുള്ള അനുഭവമാണ് ആത്മജ്ഞാനം എന്നു വിളിക്കപ്പെടുന്നത്. ആത്മാവിന്റെ അസ്തിത്വത്തെക്കുറിച്ച് അവബോധമുണ്ടാവുകയാണ് **ആത്മാവബോധം**(Awareness of the Self). ആത്മാനുഭവമാണ് ആത്മജ്ഞാനം. ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനമോ അനുഭവമോ കൂടാതെ, ആത്മാവിനെക്കുറിച്ചുള്ള വെറും അറിവ് വ്യർത്ഥമാണ്.

എനിക്ക് വായിക്കേണ്ടതെങ്ങനെ എന്നറിയാം. എന്നിരുന്നാലും, ഞാൻ വായിക്കുന്നത് എന്താണെന്ന് എനിക്കു മനസ്സിലാവുന്നില്ല എങ്കിൽ, എന്റെ വായനാശേഷി നിഷ്പ്രയോജനമാണ്. പാചകം ചെയ്യേണ്ടതെങ്ങനെയെന്ന് എനിക്കറിയാം. പക്ഷേ, ഞാൻ പാചകം ചെയ്യുന്നില്ല എങ്കിൽ, പാചകജ്ഞാനംകൊണ്ട് പ്രയോജനമില്ല. അപ്പോൾ, പാചകസംബന്ധമായ അറിവ്, ശരിക്കുള്ള പാചകപ്രക്രിയ, ശരിക്കുള്ള പാചകപ്രക്രിയകൊണ്ട് പ്രയോജനം കിട്ടുക ഇവ ആത്മാവിനെക്കുറിച്ചുള്ള അറിവുപോലെയാണ്. ആ ടെക്നിക്കിനെക്കുറിച്ചുള്ള അറിവ് അഥവാ അതെങ്ങനെ ചെയ്യണം എന്നത് ആത്മാവിനെക്കുറിച്ചുള്ള അവബോധം ആകുന്നു. ഈ പാചകപ്രക്രിയ കൊണ്ട് എനിക്ക് പ്രയോജനം കിട്ടുന്നു. ഇത് ആത്മജ്ഞാനം പോലെയാണ്. അപ്പോൾ, ഒരു വശം ആത്മാവബോധ(awareness of the Self)മാണ്, മറ്റേ വശം ആത്മജ്ഞാന(Knowledge of the Self)മാണ്.






ഭഗവാൻ എല്ലായ്പോഴും പരമമായ ചോദ്യമായി ഈ ചോദ്യമാണ് മുന്നോട്ടു വയ്ക്കുക: ‘‘ഞാൻ ആരാണ്?(Who am I?)’’ നാം കുറേ കൊല്ലങ്ങളായി ധാരാളമായി കേൾക്കുന്ന ഒരു ചോദ്യമാണിത്, കാരണം ഇത് ആവർത്തിച്ച് ചോദിക്കേണ്ടതാണ്. ‘‘ഞാൻ ആരാണ്?’’ എന്ന ഈ ചോദ്യത്തിന്മേലുള്ള സ്ഥിരമായ മനനം, സ്ഥിരമായ ധാരണ, അതാകുന്നു ധ്യാനം(Meditation). ധ്യാനമെന്നത് ഒരു സ്ഥിരമായ അന്വേഷണം, ആവർത്തിച്ചുള്ള ചോദ്യം അഥവാ ഈ അന്വേഷണത്തിന്മേലുള്ള ധാരണ(contemplation) ആകുന്നു.






നിർഭാഗ്യവശാൽ, നാം കരുതുന്നത് ധ്യാനം എന്നത് ഒരു നിശ്ചിത സമയത്ത് ചെയ്യുന്ന ഒരു ശാരീരിക പ്രവർത്തന(physical activity) മാണെന്നാണ്. 4.30 തൊട്ട് 5.30 വരെ നിങ്ങൾ ധ്യാനി

ക്കുന്നു. ബാക്കിയുള്ള സമയത്ത് നിങ്ങൾ എന്തു ചെയ്യുകയാണ്? ഏത് 4.30 തൊട്ട് 5.30 വരെ? 5.30 ആയെന്ന് നിങ്ങൾക്കെങ്ങനെയറിയാം? നിങ്ങൾ വാച്ചു നോക്കിനോക്കിയിരുന്ന് 5.30 ആകുമ്പോൾ എഴുന്നേൽക്കുമോ? നിങ്ങൾ ധ്യാനത്തിലിരിക്കുകയാണ്. 5.30 ആയെന്ന് നിങ്ങളെങ്ങനെയറിയും? അലാറം വയ്ക്കുമോ നിങ്ങൾ? നിങ്ങൾ നിങ്ങളുടെ ഭാര്യയോട്



ബാംഗ്ലൂരിലെ ഒരു സ്റ്റുഡിയോയിൽ

നിങ്ങളെ വിളിക്കണമെന്നു പറയുമോ അല്ലെങ്കിൽ, നിങ്ങളുടെ മകനോട് നിങ്ങളെ കുലുക്കി വിളിക്കണമെന്നു പറയുമോ? 5.30 ആയെന്ന് നിങ്ങളെങ്ങനെ അറിയുന്നു? നിങ്ങൾ സമയത്തെപ്പറ്റി ബോധവാനാണെങ്കിൽ, നിങ്ങൾ ധ്യാനിക്കുകയല്ല. അഥവാ, നിങ്ങൾ ഇരിക്കുന്ന സ്ഥലത്തെപ്പറ്റി നിങ്ങൾ ബോധവാനാണെങ്കിൽ, നിങ്ങൾ ധ്യാനിക്കുകയല്ല. നിങ്ങൾ ശരിക്കും ധ്യാനിക്കുകയായിരുന്നെങ്കിൽ, നിങ്ങൾ എവിടെയാണെന്നത് വിഷയമല്ല, നിങ്ങൾ ഇരിക്കുന്ന സ്ഥലത്തെപ്പറ്റി ബോധവാനാവില്ല.

ശ്രീരാമകൃഷ്ണ പരമഹംസൻ ഒരു കുട്ടിയായിരുന്നപ്പോൾ, സ്കൂളിൽനിന്ന് വീട്ടിലേക്ക് മടങ്ങുന്ന വഴിക്ക്, നീലിച്ച ആകാശത്തിന്റെ പശ്ചാത്തലത്തിൽ കുറച്ചു വെള്ള കൊറ്റികൾ പറന്നുപോകുന്നതു കാണാനിടയായി. നീല വാനത്തിന്റെ പശ്ചാത്തലത്തിൽ ഒരൊറ്റ വരിയായി ആ പക്ഷികൾ പറക്കുന്നത് കാണവേ, അദ്ദേഹം ശരീരവും മനസ്സും അതിക്രമിച്ചുപോയി. അതാണ് ധ്യാനം.



പരമഹംസൻ സ്കൂളിലായിരുന്നപ്പോൾ, അദ്ദേഹത്തിന് ഭഗവാൻ ശിവന്റെ റോളിൽ ഒരു നാടകത്തിൽ അഭിനയിക്കേണ്ടിവന്നു. ശിവന്റെ റോൾ വളരെ എളുപ്പമാണ്, കാരണം അതിന് ഏതെങ്കിലും മേക്കപ്പ് ഒന്നും ആവശ്യമില്ല, ശിവൻ ഏതാണ്ട് നഗ്ന

നാണല്ലോ! ഒരു കഷ്ണം തുണി മാത്രം മതിയാവും. അപ്പോൾ, ശിവന്റെ റോളിലെ വേഷധാരണം വളരെ എളുപ്പമായിരുന്നു.

ഈ റോളിലേക്ക് അവർ പരമഹംസനെയാണ് തെരഞ്ഞെടുത്തത്. ഈ വേഷത്തിൽ അവനെ ഒരുക്കുക എളുപ്പമായിരുന്നു അവർക്ക്, അതുകൊണ്ട് അവർ അവനെ ഒറ്റയ്ക്കാക്കി പോയി, അത്ര മാത്രം! അവൻ ബർത്ത്ഡേ സ്യൂട്ടിൽ നിന്നു, അതായിരുന്നു അവൻ കളിക്കേണ്ടിയിരുന്ന റോൾ. നാടകം നടക്കുന്നതിനിടയ്ക്ക് അവൻ സംഭാഷണം നിർത്തി, അവൻ അഭിനയിക്കുന്നതും നിർത്തി.




അവൻ പൂർണമായും അനക്കമില്ലാതായി. അവന്റെ ശരീരത്തിന് യാതൊരു ചലനവുമില്ലായിരുന്നു. അവന്റെ കൺപോളകൾ പോലും ചലിച്ചില്ല! അവൻ അനക്കമില്ലാതെ, സ്ഥിരനായി, ചലിക്കാതെ, അചൈതന്യവാനായി നിന്നു.



രാമകൃഷ്ണദേവൻ കീർത്തനത്തിനിടയ്ക്ക് ഭാവസമാധിയിൽ

അവിടെ വന്ന ആളുകൾ കരുതി, ‘‘ഈ പയ്യൻ നന്നായിട്ട് അഭിനയിക്കും, ഈ നാടകം വൻ വിജയമാവും. കാണാൻ സുന്ദരനായ ഈ ബാലന് വരാനിരിക്കുന്ന വർഷങ്ങളിൽ ഒരു നടനെന്ന നിലയ്ക്ക് ശോഭനമായ ഭാവിയുണ്ടാകും.’’ പക്ഷേ പയ്യൻ ഒരു ഡയലോഗും പറയുന്നില്ല എന്നത് പ്രേക്ഷകർ ശ്രദ്ധിച്ചു, മറ്റു നടീനടന്മാർ അവരുടെ ഭാഗം തകർത്തഭിനയിക്കുകയും. അവന്റെ മാതാപിതാക്കളും ചങ്ങാതിമാരും വന്നു. അവർ കരയാൻ തുടങ്ങി. എന്നിട്ടും അവന് അനക്കമുണ്ടായില്ല. അതുകൊണ്ട് ആളുകൾ അവന്റെ ചെവിക്കടുത്തു വന്ന് ഉച്ചത്തിൽ കരഞ്ഞു. കുറച്ചു നേരം കഴിഞ്ഞപ്പോൾ അവൻ ബോധത്തിലേക്ക് തിരികെ വന്നു. ഇതാണ് ധ്യാനം.

നിങ്ങൾ ഒരു ചന്തസ്ഥലത്ത് ധ്യാനിച്ചാലും, ഒരു കൃഷിഭൂമിയിലൂടെ നടന്നുകൊണ്ട് ധ്യാനിച്ചാലും, ഓടുന്ന ട്രെയിനിലിരുന്നുകൊണ്ട്, ഒരു കാളവണ്ടിയിലിരുന്നുകൊണ്ട്, അല്ലെങ്കിൽ എയർ ഇന്ത്യയുടെ ഒരു ജംബോ ജെറ്റിൽ അഥവാ ട്രാൻസ് വേൾഡ് എയർലൈൻസിൽ ഇരുന്നുകൊണ്ട് ധ്യാനിച്ചാലും, ഡൈനിംഗ് ഹാളിലോ ഡ്രോയിംഗ് റൂമിലോ ഇരുന്ന് ധ്യാനിച്ചാലും, അതിനെ 'ധ്യാനം' എന്നു വിളിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. എന്താണിവ രണ്ടും? ഒരുവന് ആത്മാവിനെക്കുറിച്ചുള്ള അവബോധവും ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനവും ഉണ്ടാവണം. രണ്ടാമതായി, സ്ഥലവും കാലവും പൂർണമായും മറവിയിലാവണം. അപ്പോൾ മാത്രമേ നമുക്കതിനെ 'ധ്യാനം' എന്നു വിളിക്കാനാവൂ.




നാം എന്തിനെയാണ് ധ്യാനിക്കേണ്ടത്? "ഞാൻ ആരാണ്?" എന്ന ചോദ്യത്തിനുള്ള ഉത്തരം തേടണം നമ്മൾ. അതായിരുന്നു രമണമഹർഷിയുടെ ജീവിതകാലം മുഴുവനുമുള്ള ദൗത്യം.

ആരോ അദ്ദേഹത്തോടു തിരക്കി, "സ്വാമീ, ഞാൻ എന്താണ് ചെയ്യേണ്ടത്? ഈശ്വരനാവാൻ, ദിവ്യത്വം നേടാൻ ഞാൻ എന്തു ചെയ്യണം? ഞാൻ എന്താണ് ചെയ്യേണ്ടത്?"

മഹർഷി പറഞ്ഞു, "ചെയ്യാതിരിക്കുക!(Do nothing!)" 'ചെയ്യാതിരിക്കു'ന്നതാണ് ഈശ്വരനെ അറിയുന്നതിനും സാക്ഷാത്കരിക്കുന്നതിനുമുള്ള ഒരേയൊരു കാര്യം."

എന്തുകൊണ്ട്, സ്വാമീ? ഇത്രയും കാശു മുടക്കി ഈ വഴിയത്രയും സഞ്ചരിച്ച് ഞാൻ വന്നത് ഞാൻ എന്തു ചെയ്യണമെന്ന് കൃത്യമായി പറഞ്ഞുതരാൻ അങ്ങയ്ക്കാവും എന്നു കരുതീട്ടാണ്. ഇപ്പോൾ, അതിശയമെന്നു പറഞ്ഞാൽ മതിയല്ലോ, 'ചെയ്യാതിരിക്കുക എന്ന്!' എന്താണിത്?"



അപ്പോൾ രമണമഹർഷി കൂടുതൽ വിശദീകരിച്ചു, "എന്തുതന്നെ ചെയ്താലും, അത് മനസ്സാണ് ചെയ്യുന്നത്. മനസ്സാണ് ചെയ്യുന്നതിന് നിങ്ങളെ പ്രേരിപ്പിക്കുന്നത്. മനസ്സാണ് അനുഭവിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കുന്നത്, നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് തീരുമാനിക്കുന്നത് അതാണ്. മനസ്സിന് ഒത്തിരി വഴികൾ, ചപലതകൾ, ഭാവനകൾ, പ്രതീക്ഷകൾ, ആശകൾ ഉണ്ട്. അപ്പോൾ, മനസ്സ് പ്ലാൻ ചെയ്യുന്നു, നിരൂപിക്കുന്നു, നിയോഗിക്കുന്നു, പ്രതീക്ഷിക്കുന്നു, ആശിക്കുന്നു. ആയതിനാൽ മനസ്സ് ചെയ്യുന്നതൊന്നും ആദ്ധ്യാത്മികമല്ല. അത് അനദ്ധ്യാത്മികമാണ്. അത് ഒരു രീതിയിലും ധ്യാനമാവില്ല."



ഞാൻ പോയി പൂക്കൾ വാങ്ങിക്കൊണ്ടുവന്നിട്ട്, എല്ലാവരോടും പറയുകയാണ്, "റോസാപ്പൂക്കൾ! ഇവയ്ക്ക് നല്ല വിലയാണ്! എനിക്ക് പൂജിക്കാനാണ്." അതൊരു ആചാരമാണ്. അത് ആദ്ധ്യാത്മികമല്ല. ഞാൻ ഷിർദ്ദി സായിയെക്കുറിച്ചുള്ള നല്ല വിലയുള്ള ഒരു പുസ്തകം വാങ്ങുന്നു, അത് ബൈൻഡ് ചെയ്യിച്ച്, ഒരു സ്വർണ്ണ മാർജിനുമിട്ട്, അതിനുവേണ്ടി പ്രത്യേകമായി പണിയിച്ച ഒരു പീഠത്തിൽ വയ്ക്കുന്നു. അതും ആചാരമാണ്, ആദ്ധ്യാത്മികമല്ല എന്തെന്നാൽ, അതെല്ലാം മനസ്സുകൊണ്ട് ചെയ്യേണ്ടതാണ്. അത് മനസ്സിനാൽ നിശ്ചയിക്കപ്പെടുന്നതും ആസൂത്രണം ചെയ്യപ്പെടുന്നതുമാണ്. അതിനെ ഒരിക്കലും മൈൻഡ് ചെയ്യരുത്! അതെല്ലാം നിഷ്പ്രയോജനമാണ്. അത് ധ്യാനമേയല്ല. യഥാർത്ഥ ആദ്ധ്യാത്മികതയിരിക്കുന്നത്



**ആത്മാവിനെക്കുറിച്ചുള്ള അവബോധ**ത്തിലും **ആത്മാവിനെക്കുറിച്ചുള്ള ജ്ഞാന**ത്തിലുമാണ്.




പ്രഫ. അനിൽകുമാർ കൂടുതൽ ദിവ്യ വെളിപ്പെടുത്തലുകളുമായി നമ്മെ പ്രചോദിപ്പിക്കുന്നത് അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു –** (*Sai-Vedam* പേജ് 246-252)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)